ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) മലപ്പുറം ജില്ലാ ലേബർ ഓഫീസർ ഇടപെട്ട് കയറ്റിറക്ക് കൂലി തർക്കം ഒത്തു തീർപ്പാക്കിയതിനെ തുടർന്ന് മഞ്ചേരി ഡിപ്പോയിൽ സാധാരണ രീതിയിൽ ഭക്ഷ്യസാധനങ്ങൾ ഇറക്കുന്നതിനുള്ള ഏർപ്പാടുകൾ നടത്തിയിട്ടുണ്ട്.

കാസർഗോഡ് താലൂക്ക് സപ്ലൈ ഓഫീസിൽ പുതിയ റേഷൻ കാർഡിനും റേഷൻ കാർഡ് ഭേദഗതിക്കുമായി ലഭിച്ചിട്ടുള്ള അപേക്ഷകൾ

62 [2679] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് താലൂക്ക് സപ്ലൈ ഓഫീസിൽ 2005 ഫെബ്രുവരി 28 വരെ പുതിയ റേഷൻ കാർഡിന് വേണ്ടിയും റേഷൻകാർഡിൽ ഭേദഗതി വരുത്തുന്നതിനുവേണ്ടിയും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ പുതിയ റേഷൻ കാർഡ് തിരുത്തൽ, കൂട്ടിച്ചേർക്കൽ എന്നിവയ്ക്ക് എത്ര വീതം അപേക്ഷകൾ ലഭിച്ചു എന്ന് അറിയിക്കാമോ;

(സി) പ്രസ്തുത അപേക്ഷകളിൽ അപേക്ഷകരെ ഹിയറിംഗിന് വിളിക്കുന്നത് എത്ര മാസത്തിനുശേഷമാണെന്ന് പറയാമോ;

(ഡി) അപേക്ഷ ലഭിച്ച് ഒരു മാസത്തിനകം പ്രസ്തുത അപേക്ഷകളിൽ മേൽനടപടി സ്വീകരിച്ച് തീർപ്പാക്കാൻ തയ്യാറാകുമോ;

(ഇ) എങ്കിൽ ഇത് സംബന്ധമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പുതിയ റേഷൻ കാർഡിനു വേണ്ടിയുള്ള 6503 അപേക്ഷകളും റേഷൻ കാർഡിൽ ഭേദഗതി വരുത്തുന്നതിനുവേണ്ടിയുള്ള 7346 അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

(ബി) റേഷൻ കാർഡ് തിരുത്തിലിന് 4982 അപേക്ഷകളും കൂട്ടിച്ചേർക്കലിന് 1410 അപേക്ഷകളുമാണ് ലഭിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മതിയായ രേഖകൾ സഹിതം സമർപ്പിക്കുന്ന അപേക്ഷകളിൽ ഹിയറിംഗിന്റെ ആവശ്യമില്ലാതെ തന്നെ തീരുമാനമെടുക്കുന്നുണ്ട്.

(ഡി) മതിയായ രേഖകൾ സഹിതം പുതിയ കാർഡിനുള്ള അപേക്ഷകൾ ഹാജരാക്കുന്നവർക്ക് ഏഴ് ദിവസത്തിനകം പുതിയ കാർഡ് നൽകിവരുന്നു.

(ഇ) റേഷൻ കാർഡുകൾ നൽകുന്നതിനും അപേക്ഷകൾ തീർപ്പുകല്പിക്കുന്നതിനും വകുപ്പു തലത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുകയും അവ കർശനമായി പാലിക്കണമെന്ന് എല്ലാ താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസർമാരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

1. പുതിയ റേഷൻകാർഡിനുള്ള അപേക്ഷകളും റേഷൻ കാർഡുമായി ബന്ധപ്പെട്ട മറ്റ് അപേക്ഷകളും എല്ലാ പ്രവൃത്തി ദിവസങ്ങളിലും ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ആഫീസുകളിൽ സ്വീകരിക്കേണ്ടതാണ്.

2. പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിന് ആവശ്യമായ എല്ലാ രേഖകളോടും കൂടി അപേക്ഷിക്കുന്നവർക്ക് രേഖകൾ പരിശോധിച്ച് കാർഡ് നൽകേണ്ടതും ഏതെങ്കിലും രേഖകളുടെ അഭാവത്തിലോ മറ്റ് വിധത്തിലോ അപൂർണ്ണമാണെങ്കിൽ ആയതിനുള്ള പരിഹാര നിർദ്ദേശങ്ങൾ ഉടൻതന്നെ നൽകേണ്ടതുമാണ്.

പാലക്കുന്നിൽ ലാഭം മാർക്കറ്റ്

63 [2680] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ പാലക്കുന്നിൽ ലാഭം മാർക്കറ്റ് ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ പാലക്കുന്നിൽ ലാഭം മാർക്കറ്റ് ആരംഭിക്കുന്നതിന് അനുയോജ്യമായ കെട്ടിടം കണ്ടെത്തിയാൽ ഉടനെ ലാഭം മാർക്കറ്റ് തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly